# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.11.2025**

## പ്രധാനവാർത്തകൾ

1. ആഫ്രിക്കൻ പര്യടനം നടത്തുന്ന രാഷ്ട്രപതി ദ്രൗപതി മുർമു അംഗോള പ്രസിഡന്റ് ജോവോ ലോറൻസോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി.

2. ഉത്തരാഖണ്ഡിൽ 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു.

3. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ.

4. ലാഭത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 27 ആയി ഉയർന്നു.

5. സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ മഴ തുടരുന്നു. തിരുവനന്തപുരം ഉൾപ്പെടെയുള്ള നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. രഞ്ജി ട്രോഫിയിൽ സൗരാഷ്ട്രയ്ക്കെതിരെ കേരളത്തിന് ഒന്നാം ഇന്നിങ്സ് ലീഡ്.

**********************************

RNU TVPM

## രാഷ്ട്രപതി-അംഗോള

രാഷ്ട്രപതി ദ്രൗപതി മുർമു അംഗോളൻ പ്രസിഡന്റ് ജോവോ ലോറൻസോയുമായി ലുവാണ്ടയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇന്ത്യയും അംഗോളയും തമ്മിലുള്ള ബഹുമുഖ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ ലക്ഷ്യമിട്ട് ഇരു നേതാക്കളും സമഗ്രമായ ചർച്ചകൾ നടത്തി. വിവിധ മേഖലകളിൽ സഹകരണം ഔപചാരികമാക്കുന്നതിനായി ഇരുപക്ഷവും നിരവധി ധാരണാപത്രങ്ങളിൽ ഒപ്പുവെക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യും.

************************

## പ്രധാനമന്ത്രി ഉത്തരാഖണ്ഡ് (ഇൻട്രോ)

ഉത്തരാഖണ്ഡിന്റെ രജതജൂബിലിയോടനുബന്ധിച്ച് 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കുടിവെള്ളം, ജലസേചനം, സാങ്കേതിക വിദ്യാഭ്യാസം, ഊർജ്ജം, നഗരവികസനം, കായികം, നൈപുണ്യ വികസനം എന്നിങ്ങനെ നിരവധി പ്രധാന മേഖലകളുമായി ബന്ധപ്പെട്ടതാണ് ഈ പദ്ധതികൾ. കേന്ദ്ര സർക്കാരിന്റെ വൈബ്രന്റ് വില്ലജ് പദ്ധതിയെ കുറിച്ചും അദ്ദേഹം ചടങ്ങിൽ സംസാരിച്ചു.

(ഹോൾഡ് വോയിസ്)

************************

## മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ അടിസ്ഥാനസൗകര്യമേഖലയിൽ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. കൊട്ടാരക്കരയിലെ വിവിധ പദ്ധതികളുടെ

RNU TVPM

നിർമാണ പുരോഗതി വിലയിരുത്തുകയായിരുന്നു അദ്ദേഹം. ഉമ്മന്നൂർ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം, മാറാംപാറ ടൂറിസം പദ്ധതി, പഴിഞ്ഞം-ഉമ്മന്നൂർ ഗ്രാമീണ റോഡ് എനിവയുടെ നിർമാണ പുരോഗതിയാണ് മന്ത്രി വിലയിരുത്തിയത്.
*************************

പി രാജീവ്

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 27 ആയി ഉയർന്നു. വ്യവസായ മന്ത്രി പി.രാജീവിന്റെ സാന്നിധ്യത്തിൽ ചേർന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ അർദ്ധ വാർഷിക അവലോകനത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിലാണ് ഈ കണക്ക്. 48 പൊതുമേഖലാ സ്ഥാപനങ്ങളിൽ ചവറ കെ എം എം എൽ ആണ് ഏറ്റവും അധികം പ്രവർത്തന ലാഭം ഉണ്ടാക്കിയത്.
*************************

RNUTVPM

മന്ത്രി കെ രാജൻ

കാട്ടാന ശല്യം നേരിടുന്ന കുതിരാനിൽ  മന്ത്രി കെ രാജന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തി. കാട്ടാനയുടെ ആക്രമണത്തിൽ വനം വകുപ്പ് വാച്ചർക്ക് പരിക്കേൽക്കുകയും വനം വകുപ്പിന്റെ ജീപ്പ് നശിപ്പിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് സന്ദർശനം. പ്രദേശവാസികളുടെ കൂടി സേവനം ഉൾപ്പെടുത്തി ആനയെ പിടിക്കാനുമുള്ള നടപടിയെടുക്കുമെന്ന് വനം വകുപ്പ് അറിയിച്ചതായി മന്ത്രി പറഞ്ഞു.
*************************

പാലക്കാട് ശാസ്ത്രോത്സവം (ഇൻട്രോ)

പാലക്കാട് നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ മൂന്നാം ദിവസത്തെ മത്സരങ്ങൾ പൂർത്തിയാകുമ്പോൾ മലപ്പുറം ജില്ലാ ഒന്നാമത് തുടരുന്നു. കണ്ണൂരും കോഴിക്കോടുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ശാസ്ത്രോത്സവം നാളെ സമാപിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

(വോയിസ്)

*************************

## വനഭൂമി പട്ടയം

വനഭൂമിയിൽ പട്ടയം നൽകുന്നതിനുള്ള സംയുക്ത പരിശോധനയുടെ സംസ്ഥാനതല ഉദ്ഘാടനം വനം മന്ത്രി എ കെ ശശീന്ദ്രൻ തൃശൂർ പീച്ചിയിൽ നിർവഹിച്ചു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവുമായി നടത്തിയ കൂടിക്കാഴ്ചയെ തുടർന്നാണ് മൂന്നു പതിറ്റാണ്ടിനു ശേഷം കേരളത്തിലെ വനഭൂമിയിൽ പട്ടയം നൽകുന്നതിനുള്ള സംയുക്ത പരിശോധനയ്ക്ക് അനുമതി ലഭ്യമായതെന്ന് മന്ത്രി പറഞ്ഞു. ജനുവരി 15 ഓടെ സംയുക്ത പരിശോധന പൂർത്തിയാക്കി ജനുവരി 30ഓടെ അർഹരായവർക്ക് പട്ടയങ്ങൾ നൽകുമെന്നും മന്ത്രി പറഞ്ഞു.

*************************

## എസ്ഐആർ - കുറുക്കത്തിക്കല്ല്

എസ് ഐ ആർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഇന്ന് വൈകിട്ട് 6 മണി വരെ 64 ലക്ഷത്തി നാൽപത്തി അയ്യായിരത്തോളം പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു

കേൽക്കർ അറിയിച്ചു. നവംവർ 25 നുള്ളിൽ SIR ന്റെ ആദ്യഘട്ടമായ എന്യൂമറേഷൻ ഫോം വിതരണം BLO മാർ പൂർത്തീകരിച്ചിരിക്കണമെന്നും BLO മാരുടെ പ്രകടനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിരീക്ഷിക്കണമെന്ന് ഡോ. രത്തൻ യു കേൽക്കർ നിർദേശിച്ചു. അതിനിടെ. വോട്ടർപട്ടികയുടെ തീവ്ര പരിഷ്ക്കരണം പൂർത്തീകരിച്ച കേരളത്തിലെ ആദ്യ പ്രാക്തന ഗോത്ര ഉന്നതിയായി കുറുക്കത്തിക്കല്ല്. അഗളി IHRD കോളേജ് ഇലക്ട്രൽ ലിറ്ററസി ക്ലബ്ബിന്റ ആഭിമുഖ്യത്തിലാണ് പരിശോധന നടന്നത്.
*************************

## ചികിൽസാപ്പിഴവ് അന്വേഷണം

തിരുവനന്തപുരത്ത് ചികിൽസാപ്പിഴവിനെ തുടർന്ന് യുവതി മരിച്ചെന്ന ബന്ധുക്കളുടെ പരാതി പ്രത്യേക ടീമിനെ വച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. തിരുവനന്തപുരം കരിക്കകം സ്വദേശിനിയാണ് ഇന്ന് മെഡിക്കൽ കോളജിൽ വെച്ച് മരിച്ചത്. പ്രസവത്തിനായി എസ്.എ.ടി ആശുപത്രിയിൽ പ്രവേശിപ്പിച്ച ശിവ പ്രിയ പ്രസവശേഷം ഇക്കഴിഞ്ഞ 25 ന് ആശുപത്രി വിട്ടെങ്കിലും പിന്നീട് രോഗബാധിതയാകുകയായിരുന്നു.
*************************

RNU TVPM

## ബിഹാർ - നിയമസഭ തെരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള പരസ്യ പ്രചാരണം അവസാനിച്ചു. പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്ന് എല്ലാ മുന്നണികളുടെയും മുതിർന്ന നേതാക്കൾ

ബിഹാറിലുടനീളം സജീവമായി. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്.
************************

## മഴ-സംസ്ഥാനം

സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ മഴ തുടരുന്നു. ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ടയിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. മഴ തുടരുന്നതിനാൽ തിരുവനന്തപുരം ജില്ലയിലെ പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.
************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫിയിൽ സൗരാഷ്ട്രയ്ക്കെതിരെ കേരളത്തിന് ഒന്നാം ഇന്നിങ്സ് ലീഡ്. രണ്ടാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ സൗരാഷ്ട്ര രണ്ടാം ഇന്നിംങ്സിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 47 റൺസെന്ന നിലയിലാണ്. നേരത്തെ കേരളത്തിന്റെ ഒന്നാം ഇന്നിംങ്സ് 233 റൺസിന് അവസാനിച്ചിരുന്നു. നിലവിൽ കേരളം 26 റൺസ് ലീഡിലാണ്.
************************

## ആഫ്രിക്കൻ പന്നി പനി (ഇൻട്രോ)

ആഫ്രിക്കൻ പന്നി പനി സ്ഥിരീകരിച്ചതിനെ തുടർന്ന് കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ

RNU TVPM

കനത്ത ജാഗ്രത. ഗ്രാമപഞ്ചായത്ത് തല ഉന്നത ഉദ്യോഗസ്ഥരുടെയും ജനപ്രതികളുടെയും യോഗം നാളെ ചേരും.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു...**

(വോയിസ്)

************************

## ബിജെപി പട്ടിക

തിരുവനന്തപുരം കോർപ്പറേഷനിലെ സ്ഥാനാർത്ഥിപ്പട്ടിക പുറത്തുവിട്ട് ബിജെപി. ആദ്യഘട്ടത്തിൽ 67 സ്ഥാനാർഥികളെയാണ് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രഖ്യാപിച്ചത്. മുൻ ഡിജിപി ആർ. ശ്രീലേഖ, മുൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പദ്മിനി തോമസ് ബിജെപി സംസ്ഥാന സെക്രട്ടറി വി.വി. രാജേഷ് എന്നിവർ മൽസരരംഗത്തുണ്ട്.

************************

## ഗണഗീതം

റെയിൽവേ ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടല്ല ഗണഗീതം പാടിയതെന്ന് എളമക്കര സരസ്വതി സ്കൂൾ പ്രിൻസിപ്പാൾ ഡിന്റോ കെ.പി അറിയിച്ചു. പരിപാടിയിൽ പങ്കെടുക്കാൻ എത്തിയവരുടെ അവശ്യ പ്രകാരമാണ് പാടിയത്. ദേശഭക്തി ഗാനം എന്ന നിലയിൽ മാത്രമാണ് പാടിയത്. സൈബർ ആക്രമണം നടത്തുന്നവർക്ക് എതിരെ നിയമ നടപടി സ്വീകരിക്കുമെന്നും പ്രിൻസിപ്പാൾ കട്ടപ്പനയിൽ പറഞ്ഞു.

************************

RNU TVPM

## രഘുചന്ദ്രബാലിന് വിട

മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്രബാലിന് വിട. ഭൗതിക ദേഹം തിരുവനന്തപുരം കാഞ്ഞിരംകുളത്തെ കുടുംബവീട്ടിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു.
*************************

## വി.പി.മഹാദേവൻപിള്ള

ഇന്ന് അന്തരിച്ച കേരളസർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ വി. പി. മഹാദേവൻപിള്ളയുടെ സംസ്കാരം ചൊവ്വാഴ്ച രാവിലെ ശാന്തികവാടത്തിൽ നടക്കും. നാളെ ഉച്ചയ്ക്ക് 2.30 മണിക്ക് കേരളസർവകലാശാല സെനറ്റ്ഹാളിൽ പൊതുദർശനത്തിന് വെക്കും.

*

**********

***************************************

RNU TVPM